**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1542** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>സ്വകാര്യ ആശുപത്രികളിൽ ചികിത്സാ ചെലവിനത്തിലെ വർദ്ധനവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സാ ചെലവിനത്തിൽ 80 മുതൽ 120 ശതമാനം വരെ വർദ്ധനവ് ഉണ്ടായത് സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ക്ലിനിക്കൽ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങൾ ഏകപക്ഷീയമായും അമിതമായും ചാർജ്ജുൾപ്പെടുത്തിക്കൊണ്ടുള്ള ബില്ലിംഗ്, രോഗികൾക്ക് നൽകുന്ന സേവനങ്ങളിലെ മൊത്തത്തിലുള്ള പോരായ്മ, സ്റ്റാൻഡേർഡ് ചികിത്സാ പ്രോട്ടോക്കോളുകൾ പാലിക്കാതിരിക്കുന്നത്, രോഗനിർണയത്തിൽ സുതാര്യതയില്ലായ്മ, രോഗനിർണ്ണയ സേവനങ്ങളും, മരുന്നുകളും, ഉപഭോഗവസ്തുക്കളും, ഇംപ്ലാന്റുകളും വാങ്ങാൻ രോഗികളെ നിർബന്ധിക്കുന്നത് തുടങ്ങിയ നിരവധി പരാതികൾ ചൂണ്ടിക്കാട്ടി പരാതികളും റഫറൻസുകളും ലഭിക്കുന്നുവെന്ന് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കിൽ എസ്റ്റാബ്ലിഷ്മെന്റ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(ബി)** എങ്കിൽ സ്വകാര്യ ആശുപത്രികളിലെ അമിത നിരക്കുകൾ നിയന്ത്രിക്കാൻ സർക്കാർ എന്തൊക്കെ ഇടപെടലുകൾ നടത്തുമെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** 2018ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ആക്ടിന്റെ പരിധിയിൽ , രോഗികളുടെ അവകാശങ്ങളിലെ ഭൂരിഭാഗം ക്ലോസുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചികിത്സാ നിരക്കുകൾ ഏകീകരിക്കുന്നത് പ്രസ്തുത ആക്ടിന്റെ പരിധിയിൽ വരുന്നതല്ല. എന്നിരുന്നാലും 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷമെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് - സെക്ഷൻ 39 (2) പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും, അവിടെ നൽകി വരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും പാക്കേജ് നിരക്കും രോഗികളുടെ അറിവിലേക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപെടുന്ന ഒരു സ്ഥലത്ത് മലയാളത്തിലും അതുപോലെ ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2018 ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷമെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടം 19 പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും, ആ സ്ഥാപനത്തിൽ നിന്നും നൽകിവരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും രോഗികളുടെയും രോഗികളുടെ ബന്ധുക്കളുടെയും അറിവിലേക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്ത് മലയാളത്തിലും ഇംഗ്ലീഷിലും അച്ചടിച്ചോ ഡിജിറ്റലായോ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഇപ്രകാരം പ്രദർശിപ്പിക്കേണ്ട വിവരങ്ങളുടെ ബാഹുല്യമനുസരിച്ച് അവ രോഗികൾക്കോ ബന്ധുക്കൾക്കോ ലഭ്യമാകത്തക്ക വിധത്തിൽ സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലോ

ഉചിതമായ മറ്റു രീതിയിലോ വിശദമായി പ്രസിദ്ധീകരിക്കേണ്ടതും പ്രസ്തുത വെബ്സൈറ്റ് സന്ദർശിക്കേണ്ട വിലാസവും വിധവും സാധാരണക്കാർക്ക് കൂടി മനസ്സിലാകത്തക്കവിധം മലയാളത്തിലും ഇംഗ്ലീഷിലും, അപ്രകാരം പ്രദർശിപ്പിക്കേണ്ട സ്ഥലത്തുതന്നെ രേഖാമൂലം പ്രദർശിപ്പിച്ചിരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഓരോ ക്ലിനിക്കൽ സ്ഥാപനത്തിനും സ്ഥിര രജിസ്ട്രേഷൻ നല്കുന്നതിന് മുൻപ് അസസ്മെന്റിന് നിയോഗിച്ചിട്ടുള്ള അസസർമാർ നേരിട്ട് സ്ഥാപനത്തിലെത്തി ഫീസ് പ്രദർശിപ്പിക്കുന്നതുൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നല്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത്. 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ **(**രജിസ്ട്രേഷനും നിയന്ത്രണവും**)** ആക്ടിലെ സെക്ഷൻ **26(2)** പ്രകാരം ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാളും**,** ഈ ആക്ടിൽ മറ്റൊരിടത്തും ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ**,** ആദ്യത്തെ ലംഘനത്തിന് പതിനായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും രണ്ടാമത്തെ ലംഘനത്തിന് അൻപതിനായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും തുടർന്നുള്ള ഏതെങ്കിലും ലംഘനത്തിന് അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്**.** എന്നാൽ ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന വിധം കുറ്റം ഗുരുതര സ്വഭാവമുള്ളതാണെന്ന്**,** ബന്ധപ്പെട്ട ആൾക്ക് അല്ലെങ്കിൽ ക്ലിനിക്കൽ സ്ഥാപനത്തിന് നോട്ടീസ് നല്കിയ ശേഷം അന്വേഷണ വിചാരണ നടത്തി കൌൺസിൽ തീരുമാനിക്കുന്ന പക്ഷം**,** പിഴ ശിക്ഷയ്ക്കു പുറമെ ക്ലിനിക്കൽ സ്ഥാപനം അടച്ചു പൂട്ടുന്നതിന് കൌൺസിലിന് ഉത്തരവിടാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്**.**

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് നടപ്പിലാക്കുന്നതിനെതിരെയുള്ള ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ, കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസ്സോസിയേഷൻ, ഇന്ത്യൻ ദന്തൽ അസ്സോസിയേഷൻ, കേരള പ്രൈവറ്റ് ലബോറട്ടറി ഓണേഴ്സ് അസോസിയേഷൻ എന്നിവർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന എല്ലാ റിട്ട് പെറ്റീഷനുകളും ബഹു.ഹൈക്കോടതി തള്ളുകയുണ്ടായി, തുടർന്ന്, WA No.1621/2025, 1806/2025 എന്നീ റിട്ട് അപ്പീലുകളും തള്ളിയതിനെതിരെ ബഹു. സുപ്രീം കോടതിയിൽ Special Leave Petition (SLP) സമർപ്പിച്ചിട്ടുണ്ട്. 17.02.2026 ലെ ബഹു. സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം ഹർജിക്കാരായ അംഗങ്ങൾ 2018 ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് സെക്ഷൻ 19 അനുസരിച്ചുള്ള രജിസ്ട്രേഷൻ നടപടികൾ തുടരേണ്ടതാണെന്ന് കോടതി നിർദേശിച്ചിട്ടുണ്ട്. എന്നാൽ അടുത്ത ഹിയറിംഗ് തീയതി വരെ ഹർജിക്കാർക്കെതിരെ coercive measures സ്വീകരിക്കരുതെന്നും ബഹു. സുപ്രീം കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. 28.07.2026-നാണ് അടുത്ത ഹിയറിംഗ് നിശ്ചയിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**